**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമ പഞ്ചായത്തിന്റെ 2009-2010, 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം തടസ്സപ്പെടുത്തിയ 7975/- രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

**തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്**

**സ.ഉ(സാധാ)നം.106/2017/തസ്വഭവ          തിരുവനന്തപുരം,തീയതി 13/01/2017**

---

പരാമർശം : 1. ഊരകം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 18/01/2016 തീയതിയിലെ എച്ച് സി 216/2013(1) നമ്പർ കത്ത്.

2. പഞ്ചായത്ത് ഡയറക്ടറുടെ 27/05/2016 തീയതിയിലെ എം3- 13708/2016 നമ്പർ കത്ത്

3. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 21/11/2016 തീയതിയിലെ കെ.എസ്സ്.എ-7368/പിറ്റി 3/2016 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമ പഞ്ചായത്തിന്റെ 2009-2010, 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം ഇ എം എസ് ഭവന പദ്ധതി ഗുണഭോക്താക്കളുടെ ഫോട്ടോ എടുക്കുന്നതിനായി ഡിജിറ്റൽ ക്യാമറ വാങ്ങിയ ഇനത്തിൽ ചെലവായ 7975/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തി. ഇ എം എസ് ഭവന പദ്ധതി നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖയിലോ പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിലോ പിന്നീട് പ്രത്യേക ഉത്തരവ് മൂലമോ പ്രസ്തുത ആവശ്യത്തിന് തുക ചെലവഴിക്കാമെന്ന് നിർദ്ദേശിച്ചിട്ടില്ലാത്തതിനാലാണ് ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയത്.

2) ഇ എം എസ് ഭവന പദ്ധതിയുടെ മാർഗ്ഗരേഖ ഖണ്ഡിക 8(4) പ്രകാരം ഗുണഭോക്താക്കളുടെ ഫോട്ടോ ഡിജിറ്റൽ ക്യാമറ ഉപയോഗിച്ച് എടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാലാണ് ക്യാമറ വാങ്ങിയതെന്നും പ്രസ്തുത ക്യാമറ പഞ്ചായത്തിലെ വിവിധ പരിപാടികളുടെ ഫോട്ടോ എടുക്കുന്നതിന് പ്രയോജനപ്പെടുത്തുന്നുണ്ടെന്നും പ്രസ്തുത ചെലവിലൂടെ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലെന്നും മറിച്ച് ആസ്തി വർദ്ധിക്കുകയാണ് ചെയ്തതെന്നും പഞ്ചായത്ത് ഭരണ സമിതി വിലയിരുത്തിയതിനാൽ പ്രസ്തുത തുകയുടെ ചെലവിന് സാധൂകരണം ലഭ്യമാക്കണമെന്ന് സൂചന ഒന്ന് കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇ എം എസ് ഭവന പദ്ധതിയുടെ നടത്തിപ്പിനായി ഡിജിറ്റൽ ക്യാമറ വാങ്ങിയത് മാർഗ്ഗരേഖകൾക്ക് വിരുദ്ധമാണെങ്കിലും ഇതുമൂലം പഞ്ചായത്തിന്റെ ആസ്തി വർദ്ധിച്ചത് പരിഗണിച്ച് പരാമർശിത ചെലവിന് സാധൂകരണം നൽകുന്നതിനോ കുറ്റം മാപ്പാക്കുന്നതിനോ സർക്കാരിന് തീരുമാനമെടുക്കാമെന്ന്

പരാമർശം മൂന്ന് കത്ത് പ്രകാരം കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ
അറിയിട്ടിട്ടുണ്ട്.

3) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇ എം
എസ് ഭവന പദ്ധതിയുടെ മാർഗ്ഗരേഖ ഖണ്ഡിക 8(4) പ്രകാരം ഓരോ ഗുണഭോക്തൃ
കുടുംബവും അവരുടെ നിലവിലുള്ള വീടിന് മുൻപിൽ നിൽക്കുന്ന ഫോട്ടോ ഡിജിറ്റൽ ക്യാമറ
ഉപയോഗിച്ച് എടുക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ നിർദ്ദേശം പാലിക്കുന്നതിന് ഒരു
ഡിജിറ്റൽ ക്യാമറ അനിവാര്യമായതിനാലും ഇതു വഴി പഞ്ചായത്തിന്റെ ആസ്തി
വർദ്ധിച്ചിട്ടുണ്ടെന്നും നഷ്ടമൊന്നും സംഭവിച്ചിട്ടില്ലെന്നുമുള്ള ഭരണ സമിതി
വിലയിരുത്തലിന്റെ അടിസ്ഥാനത്തിലും ഇക്കാര്യത്തിലുള്ള ജില്ലാതല ഓഡിറ്റ്
മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, സ്റ്റേറ്റ് ഓഡിറ്റ്
വകുപ്പിന്റെ മറുപടി എന്നിവ കണക്കിലെടുത്തും ഊരകം ഗ്രാമ പഞ്ചായത്തിന്റെ 2009-2010,
2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം
തടസ്സപ്പെടുത്തിയ 7975/- രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ്
പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഷിബു എ ടി
അണ്ടർ സെക്രട്ടറി

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, ഊരകം ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര -പൊതു ജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ